ഭാഗംമാത്രം എടുത്തുപറഞ്ഞതുകൊണ്ട് അപേക്ഷകൻ ഉദ്ദേശിച്ച ഫലം വരുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ.—വരുന്നുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ലേബർ ഇൻസ്പെക്ടരുടെ പ്രവൃത്തികൾ എന്തെല്ലാമാണ്?

രാമവർമ്മതമ്പുരാൻ.—ഞാൻ അതു മുമ്പ് ഇവിടെ പറഞ്ഞിട്ടുണ്ട്.

## Expenditure in the Labour Department for the years 1107 and 1108.

**354.** മിസ്റ്റർ കെ. പി. വള്ളോൻ.—എ എം ഒ, എ എം വി. ഈ രണ്ടു കൊല്ലങ്ങളിൽ സംരക്ഷണ ഡിപ്പാർട്ടുമെണ്ടിലേയ്ക്കു മരാമത്തു പണികൾ, പുസ്തകം, സ്റ്റേഷനറി, വസ്ത്രം, അധഃകൃതകുട്ടികളുടെ ഭക്ഷണച്ചിലവു മുതലായവകൾക്കു എത്രസംഖ്യാവരെമ്മെണ്ടിൽനിന്നും അധഃകൃതസംരക്ഷകൻ കൈവഴിയായി ചിലവാക്കീട്ടുണ്ടെന്നും വൌച്ചറുകൾ കൊടുത്തിട്ടുള്ള ആളുകളുടെ പേരുകൾ ഉൾപ്പടെ ഒരു പട്ടിക തയ്യാറാക്കി മേശപ്പുറത്തു വെക്കുവാൻ ഗവമ്മെണ്ടിനു മനസ്സുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ.—എ എം ഒ -ലും എ എം വി -ലും താഴെപറയുന്ന സംഖ്യകൾ ചിലവായിട്ടുണ്ട്.

| | | എ എം ഒ -ൽ<br>ക. ണ. പ. | എ എം വി -ൽ<br>ക. ണ. പ. |
|---|---|---|---|
| എ | മരാമത്തു പണികൾ | ൪,൯൯൦—൪—൦ | ൫,൦൦൦—൦—൦ |
| ബി | പുസ്തകം, വസ്ത്രം, സ്റ്റേഷനറി, ഭക്ഷണച്ചിലവു മുതലായ വകകൾ | ൩൦,൩൨൩—൦—൦ | ൩൭,൪൪൫—൦—൦ |

വൌച്ചർ കൊടുത്തിട്ടുള്ളവരുടെ ഒരു പട്ടിക തയ്യാറാക്കുന്നതുകൊണ്ട് അതിനുവേണ്ടിവരുന്ന സമയവ്യയത്തിനും ബുദ്ധിമുട്ടിനും അനുസരിച്ചുള്ള കായ്സാദ്ധ്യം യാതൊന്നും ഉണ്ടെന്നു ഗവമ്മെണ്ടിനു തോന്നുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—എറണാകുളം കാളേജിലും സെൻറ്റൽബട്ട്സ് ഹൈസ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഇയ്യിടെ ഫീസ്സിളവു കൊടുത്തതിനെപ്പറ്റി ഈകഴിഞ്ഞമാസത്തിലും അതിനെറ മുമ്പിലെ

LIBRARY ARCHIVES Kerala Legislative Assembly

ത്തെ മാസത്തിലും സ്റ്റൈപ്പെൻറ് കൊടുത്തിട്ടുണ്ടോ ഇല്ലയൊ എന്ന കാര്യമെങ്കിലും അന്വേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അതു കൊടുത്തിട്ടുണ്ടൊ ഇല്ലയൊ എന്നു് അന്വേഷിക്കുവാൻ കാര്യമെങ്കിലും ദയവുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിക്കാം.

മിസ്റ്റർ സി. എ. ഒസേപ്പു്.—ഈ വെച്ചുറകം കൊടുത്തിട്ടുള്ള ആളുകളുടെ പേരുകളും ഉൾപ്പടെയുള്ള ഒരു പട്ടിക തയ്യാറാക്കി മേശപ്പുറത്തുവെക്കുവാൻ പറഞ്ഞിട്ടുണ്ടു്. വളരെ അധികം ഉണ്ടായിരിക്കാം. അതുകൊണ്ടാണു വെക്കാത്തതു്.

## Depressed Classes pupils—payment of Stipends.

**355.** മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കു മാസംതോറും കൊടുക്കുന്ന സ്റ്റൈപ്പെൻറ് മാസംപിറന്നു ഏതു തിയ്യതികളിലാണു് സാധാരണ കൊടുക്കുന്നതു്?

രാമവർമ്മതമ്പുരാൻ.—അധഃകൃത വിദ്യാർത്ഥികൾക്കു മാസംതോറുമുള്ള സ്റ്റൈപ്പെൻറ് പിറകുമാസം ഫാംനക്കുശേഷമാണു് സാധാരണ കൊടുത്തുവരുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഏതു തിയ്യതിക്കു മുമ്പായിരിക്കും അതു കൊടുത്തു തീർക്കുന്നതു്?

രാമവർമ്മതമ്പുരാൻ.—പിന്നത്തെ മാസത്തേയ്ക്കു പോകേണ്ടിവരികയില്ല. ആ ഒരു മാസത്തിനുള്ളിൽ കഴിയും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—എന്താണു് ഈ താമസത്തിനു ഇടവരുന്നതു്?

രാമവർമ്മതമ്പുരാൻ.—ലിസ്റ്റു് ഉണ്ടാക്കുവാൻ വേണ്ടിവരുന്ന താമസമാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—സ്കൂൾ മേലദ്ധ്യക്ഷൻമുഖാന്തിരം ഈ സംഖ്യ കൊടുക്കുവാൻവിരോധമുണ്ടോ?

രാമവർമ്മതമ്പുരാൻ.—ചെക്കു ചെയ്യാതെ കൊടുത്താൽ അപ്പോഴും delay വന്നിരിക്കുന്നുഎന്നു വേണ്ട അന്വേഷണങ്ങൾ നടത്തായില്ലെന്നും കമ്പ്ലെയിൻറ് വരും.

LIBRARY ARCHIVES Kerala Legislative Assembly